(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ മുതൽ നടപ്പിലാക്കും ;

(സി) ഈ സമ്പ്രദായത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) കൊച്ചി സംസ്കൃത സർവ്വകാലശാലകൾ നടപ്പാക്കിയിട്ടുണ്ട്. കാലിക്കട്ട്, എം.ജി. സർവ്വകലാശാലകൾ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള സർവ്വകലാശാല 2001-2002 അദ്ധ്യായന വർഷം മുതൽ ബിരുദാനന്തര പഠനത്തിന് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2002-2003 അദ്ധ്യയന വർഷം മുതൽ ബിരുദതലത്തിലും സെമസ്റ്റർ സമ്പ്രാദയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സെമസ്റ്റർ സമ്പ്രദായം കൊണ്ട് കോളേജ് വിദ്യാഭ്യാസ രംഗത്തെ അച്ചടക്കം മെച്ചപ്പെടുത്തുന്നതിന് സാധിക്കും. ഈ സമ്പ്രദായത്തിൽ ആറുമാസത്തിലൊരിക്കൽ കൃത്യമായി പരീക്ഷകൾ നടത്തുമെന്നതുകൊണ്ട് വിദ്യാഭ്യാസ ഗുണനിലവാരം വളരെയധികം മെച്ചപ്പെടുമെന്ന് തെളിഞ്ഞിട്ടുണ്ട്. പൊതുവായ പഠന രീതിക്കുപുറമെ ഇന്റേണൽ അസസ്മെന്റിന് സൗകര്യം ലഭിക്കുന്നു. കൂടാതെ കേന്ദ്രീകൃത മൂല്യ നിർണ്ണയം നടത്തി പരീക്ഷാ ഫലം വൈകാതെ നൽകുന്നതുകൊണ്ട് ഉപരിപഠനത്തിന് ഉദ്ദേശമുള്ള വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവുമായിരിക്കും.

ഏകീകൃത സർവ്വകലാശാല നിയമം

17 (*107) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സർവകലാശാലകളേയും ഉൾപ്പെടുത്തി ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പഠനത്തിന്റെ വിശദാംശം എന്താക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സർവ്വകലാശാലകൾക്കായുള്ള ഏകീകൃത നിയമം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക മേഖലയിൽ എന്തെങ്കിലും മാറ്റം ആവശ്യമായി വരുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച പഠനത്തിന്റെ വിശദാശം വെളിപ്പെടുത്തുമോ ;

(ഇ) സർവ്വകാലശാലകളിലെ സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ അധികാരങ്ങളിൽ എന്തെങ്കിലും മാറ്റം ആവശ്യമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് ആവശ്യമായി വരുത്തണമെന്ന് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(എഫ്) സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് സെനറ്റ് എന്നിവയിൽ കൂടുതൽ വിദ്യാഭ്യാസ വിദഗ്ദ്ധർ വേണമെന്ന് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സർവ്വകലാശാലയ്ക്കായുള്ള ഏകീകൃത നിയമം എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) കേരള, കാലിക്കട്ട്, മഹാത്മഗാന്ധി സർവ്വകലാശാലകളുടെ കാര്യത്തിൽ ഒരു ഏകീകൃത നിയമം നടപ്പിലാക്കണമെന്ന് 21-8-91-ൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സർവ്വകലാശാല വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തു. മറ്റു കാര്യങ്ങളോടൊപ്പം ഒരു ഏകീകൃത നിയമം നടപ്പിലാക്കുന്നതിന്റെ അഭികാമ്യതയെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കുന്നതിനായി പോണ്ടിച്ചേരി വൈസ്ചാൻസലർ ഡോ. എ. ജ്ഞാനം ചെയർമാനും, യു.ജി.സി. അഡീഷണൽ സെക്രട്ടറി (റിട്ടയേർഡ്) ഡോ. എം.എൽ. മേത്ത മെമ്പർ സെക്രട്ടറിയുമായി ഒരു സമിതിയെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഐ.എച്ച്.ആർ.ഡി.ഇ നിയമിച്ചു. സമിതി സർവകലാശാല നിയമങ്ങൾ ഏകീകരിക്കുന്നതിനായി ഒരു കരട് ബിൽ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. അനന്തരം വിദ്യാഭ്യാസ വകുപ്പു മന്ത്രി ഏകീകൃത നിയമത്തെപ്പറ്റി വൈസ് ചാൻസലർമാർ, പ്രോ-വൈസ്ചാൻസലർമാർ, അദ്ധ്യാപക-അദ്ധ്യാപകേതര സംഘടനകൾ എന്നിവരുമായി ചർച്ചകൾ നടത്തി. ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് കരട് ബിൽ തയ്യാറാക്കിയത്. കരട് ബില്ലിൽ വിഭാവനം ചെയ്തിരുന്ന പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ് :-

1. ഓരോ സർവ്വകലാശാലയേയും കൂടുതൽ ഫലപ്രദമായി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും അതിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും കഴിവുള്ളതാക്കി തീർക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ റ്റീച്ചിംഗ് ആന്റ് അഫിലിയേറ്റിംഗ് സർവ്വകലാശാലകളെ സംബന്ധിക്കുന്ന നിലവിലുള്ള നിയമങ്ങൾ അനുയോജ്യമാംവിധം ഭേദഗതി ചെയ്യുക;

LIBRARY ARCHIVES Kerala Legislative Assembly

2. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉത്തരവാദിത്വം നിക്ഷിപ്തമാക്കിക്കൊണ്ട് കാര്യക്ഷമമായ ഭരണപരവും ധനകാര്യപരവുമായ നിയന്ത്രണത്തിന് ഊന്നൽ നൽകി വ്യവസ്ഥ ചെയ്യുക;

3. സർവ്വകലാശാലകളിലെ ശിക്ഷണവും പരീക്ഷകളും പരീക്ഷകളുടെ ഫലപ്രഖ്യാപനവും തക്കസമയത്ത് നടത്തുന്നതിനായി ഒരു അക്കാദമിക് കലണ്ടർ തയ്യാറാക്കണം എന്നുള്ളത് ഓരോ സർവ്വകലാശാലയുടേയും നിർബന്ധ ചുമതലയാക്കിക്കൊണ്ട് വ്യവസ്ഥ ചെയ്യുക;

4. അക്കാദമിക് സമൂഹത്തിന് കൂടുതൽ പങ്കാളിത്തവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണവും നൽകുന്നതിനും യു.ജി.സി. നിർദ്ദേശിക്കപ്പെട്ട 'മാനേജ്മെന്റ് മോഡൽസ്' പ്രയോജനപ്പെടുത്തി സർവ്വകലാശാലകളെ കൂടുതൽ ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിനും കൂടുതൽ കാര്യശേഷിയുള്ള ഭരണം വ്യവസ്ഥ ചെയ്യുന്നതിനും കഴിവുണ്ടാക്കുക;

5. സർവ്വകലാശാലകളിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസം വേർപ്പെടുത്തുന്നതു വഴി ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനു വേണ്ടി ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ഒരു ബോർഡ് ഏർപ്പെടുത്തുക.

ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ ബിൽ തയ്യാറാക്കിയെങ്കിലും അത് പിന്നീട് അസംബ്ലിയിൽ അവതരിപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി-എഫ്) യൂണിവേഴ്സിറ്റികളുടെ സാമ്പത്തിക കാര്യങ്ങളിലും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ അധികാരങ്ങളിലും അവയുടെ ഘടനയിലും മാറ്റം വരുത്തണമെന്ന് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഏകീകൃത സർവകലാശാല ബില്ലിൽ യൂണിവേഴ്സിറ്റികളുടെ സാമ്പത്തികമായ കാര്യങ്ങൾ സെക്ഷൻ 44 മുതൽ 47 വരെയും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ അധികാരങ്ങൾ സെക്ഷൻ 15, സെക്ഷൻ 20 എന്നിവയിലും സിൻഡിക്കേറ്റ്, സെനറ്റ് എന്നിവയുടെ ഘടന സെക്ഷൻ 13, സെക്ഷൻ 18 എന്നിവയിലും പ്രതിപാദിച്ചിട്ടുണ്ട്.

(ജി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഏകജാലക സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി

18 (*108) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly